പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3061

28.1.2014- ൽ മറുപടിക്ക്

## അടഞ്ഞുകിടക്കുന്ന കയർ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ,<br>ശ്രീ.വി.ശശി,<br>ശ്രീ.ജി.എസ്.ജയലാൽ,<br>ശ്രീ.കെ.അജിത് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പ്രവർത്തനരഹിതമായ എത്ര കയർ സംഘങ്ങളുണ്ട്; ഈ സംഘങ്ങളെ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ; | *(എ)* പ്രവർത്തനരഹിതമായ 177 കയർ സഹകരണ - സംഘങ്ങൾ ഉണ്ട്. ഈ സംഘങ്ങളെ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുനരുദ്ധാരണ പദ്ധതി പ്രകാരം കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി നടപടി സ്വീക - രിച്ചിട്ടുണ്ട്. 2011-12-ൽ 9,54,73,406/- രൂപയും, 2012-13 ൽ 8,96,92,648/- രൂപയും, 2013-14 ൽ 1,45,25,260/- രൂപയും സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനമായി അനുവദിച്ചു. കൂടാതെ ഡീഫൈബറിംഗ് മേഖലയിലെ - സംഘങ്ങളെ പുനരുദ്ധരിക്കാനും സഹായം അനുവദിച്ചു. അർഹമായ സഹായം തുടർന്നും നൽകുന്നതാണ്. |
| (ബി) തൊണ്ടും ചകിരിയും സംഭരിക്കുന്നതിന് എന്തെല്ലാം - സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി*)* തൊണ്ട് സംഭരിക്കുന്നതിനായി സംസ്ഥാനത്ത് 36 തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ച് 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തൊണ്ടു സംഭരണം കാര്യക്ഷമമായി നടപ്പാക്കുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കി ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകിയും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചും 16.01.2012 മുതൽ തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ചകിരിയുടെ ദൗർലഭ്യം നേരിട്ടപ്പോൾ ചകിരി സംഭരണത്തിനായി കയർഫെഡിനെ സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തുകയും ചകിരി കിലോയ്ക്ക് 28/- |

| | |
|---|---|
| | രൂപ നിരക്കിൽ സംഭരിച്ച് 20/- രൂപ നിരക്കിൽ സംഘങ്ങൾക്ക് (സബ്സിഡി നിരക്കിൽ) വിതരണം ചെയ്തു വരികയും ചെയ്യുന്നു. 2013 നവംബർ 22 മുതൽ ഇതുവരെ കയർഫെഡ് 14,600 ക്വിന്റൽ ചകിരി ഇത്തരത്തിൽ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) കയർ മേഖലയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; ഇതിൽ സ്ത്രീ തൊഴിലാളികൾ എത്ര; | (സി) കയർ സഹകരണ മേഖലയിൽ ഏകദേശം 55,000 ത്തിനോടടുപ്പിച്ച് തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 45,000/- ത്തിലേറെ സ്ത്രീ തൊഴിലാളികളാണ്. (സ്വകാര്യമേഖലയെ സംബന്ധിച്ച വിവരം ഈ ഓഫീസിൽ ലഭ്യമല്ല). |
| (ഡി) പ്രസ്തുത മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികൾക്കും സ്ഥിരമായി ജോലി ലഭ്യമാക്കാൻ സാധിക്കുന്നുണ്ടോ ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ? | (ഡി) കയർ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികൾക്കും സ്ഥിരമായി ജോലി ലഭിക്കുന്നില്ല. ചകിരിയുടെ വില വർദ്ധനവ്, വിപണിയിൽ ഡിമാന്റില്ലാത്ത കയർ ഉൾപ്പെടെ ഉൽപാദിപ്പിക്കുമ്പോൾ സംഭരിക്കാൻ കഴിയാത്തതിന്റെ പ്രശ്നങ്ങൾ, കയറിന് ചിലപ്പോഴെങ്കിലും ഉൽപാദന ചെലവിന് ആനുപാതികമായി വില ലഭിക്കാത്തത്, മാനേജ്മെന്റിന്റെ താൽപര്യമില്ലായ്മ ഇവയൊക്കെ സ്ഥിരമായി ജോലി ലഭിക്കാതിരിക്കാനുള്ള ചില കാരണങ്ങളാണ്. ചകിരി സബ്സിഡി നിരക്കിൽ ലഭ്യമാക്കാനുള്ള നടപടി, കയർഫെഡ് വഴി കയർ സംഭരിക്കുന്നതിനുള്ള നടപടി, കയറിന് ന്യായമായ വില ലഭ്യമാക്കുന്നതിനുള്ള നടപടി എന്നിവ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ